# കേരളത്തിലെ തൊഴിലന്തരീക്ഷം

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം
07.05.2009

ഈ വർഷത്തെ സാർവദേശീയ തൊഴിലാളി ദിനത്തിൽ കേരളത്തിൽ പ്രധാന ചർച്ചാ വിഷയമായത് കേരള ഹൈക്കോടതിയിൽ നിന്ന് ട്രേഡ് യൂണിയനുകളെക്കുറിച്ചുണ്ടായ നിരീക്ഷണമാണ്. മെയ് ദിനത്തലേന്ന് തന്നെ അങ്ങനെയൊരു നിരീക്ഷണമുണ്ടായത് യാദൃശ്ചികമാണ്. ആഗോളവൽക്കരണത്തിന്റെയും ആഗോള സാമ്പത്തിക മാന്ദ്യത്തി ന്റെയും ഫലമായി ലോകമെങ്ങും തൊഴിലാളികൾ കടുത്ത വെല്ലുവിളി നേരിട്ടുകൊണ്ടിരി ക്കുന്ന ഘട്ടത്തിലാണിത്തവണ മെയ്ദിനം എത്തിയത്. അതുകൊണ്ടുതന്നെ മെയ്ദിനത്ത ലേന്ന് കേരളത്തിലെ തൊഴിലന്തരീക്ഷം സംബന്ധിച്ചുണ്ടായ നിരീക്ഷണം സാമാന്യത്തില ധികം ചർച്ച ചെയ്യപ്പെട്ടു.

കൊച്ചി തുറമുഖത്തെ ഒരു തൊഴിൽത്തർക്കവുമായി ബന്ധപ്പെട്ട കേസ് പരിഗണിക്കവെ യാണ് തൊഴിലന്തരീക്ഷം സംബന്ധിച്ച പരാമർശമുണ്ടായത്. കേരളത്തിലെ തൊഴിലാളി കൾക്കും ജീവനക്കാർക്കും ഉത്തരവാദിത്തബോധമില്ലെന്നും ഇവിടെ നിരന്തരം പണിമുട ക്കാണെന്നും അതുകൊണ്ട് വ്യവസായനിക്ഷേപം വരുന്നില്ലെന്നും വ്യവസായങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് പോവുകയാണെന്നുമൊക്കെ പരാമർശമുണ്ടായതായാണ് പത്രവാർത്ത. ഇത്തരം സാമാന്യവൽക്കരണം ഏകപക്ഷീയവും നിർഭാഗ്യകരവുമാണ്.

വാസ്തവത്തിൽ കഴിഞ്ഞ രണ്ട് മൂന്ന് വർഷങ്ങളായി ഏറ്റവും മികച്ച തൊഴിലന്തരീക്ഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. തൊഴിൽ സമരങ്ങൾ ഏറ്റവും കുറച്ചുമാത്രമാണ് നടന്നിട്ടുള്ളത്. തൊഴിൽ തർക്കങ്ങൾ ത്രികക്ഷി ചർച്ചയിലൂടെ അതിവേഗം പരിഹരിക്കുക എന്ന സമീപനമാണ് സർക്കാർ അനുവർത്തിക്കുന്നത്. ട്രേഡ് യൂണിയനുകൾ പൊതുവേ അതുമായി സഹകരിക്കുന്നതായാണ് അനുഭവം. വ്യവസായ രംഗത്തെ സമാധാനത്തിന്റെയും ആരോഗ്യകരമായ അന്തരീക്ഷത്തിന്റെയും കാര്യത്തിൽ അടുത്ത കാലത്ത് കേരളം മാതൃകയായിട്ടുണ്ട്. അതുകൊണ്ടുതന്നെ മുൻപൊന്നുമില്ലാത്ത വിധം പുതിയ പുതിയ സംരംഭങ്ങൾ നടത്താൻ നിക്ഷേപകർ മുന്നോട്ടുവരുന്നുമുണ്ട്. വ്യവസായ, ഐ.ടി, ടൂറിസം മേഖലകളിലെല്ലാം ഏറ്റവും നിക്ഷേപ സൗഹൃദ സംസ്ഥാനമാണ് കേരളമെന്ന് ഇപ്പോൾ പരക്കെ അംഗീകരിക്കപ്പെടുന്നു. വ്യവസായം

എന്നാൽ മൂലധനം മാത്രമല്ല, മൂലധനം മാത്രമാണ് പ്രധാനം എന്ന് വാദിക്കുന്നത് പിന്തിരിപ്പന്മാരാണ്. കർമ്മശേഷിയും വൈദഗ്ധ്യവും ഐക്യബോധവും അവകാശബോധവുമുള്ള തൊഴിലാളികളാണ് വ്യവസായത്തിന്റെ ജീവൻ. അതുകൊണ്ടാണ് കേരളം അതിവേഗം നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറുന്നത്. എന്നാൽ ട്രേഡ് യൂണിയനുകളും തൊഴിലാളികളുടെ അവകാശ ബോധവും കാരണം കേരളം ഒരിക്കലും നന്നാകില്ലെന്ന് ശപിക്കുന്നവരുണ്ട്. കേരളം വ്യവസായങ്ങളുടെ കാര്യത്തിൽ പിന്നോട്ടുപോകുകയാണെന്ന് അസ്ഥാനത്ത് വിലപിക്കുക, ആ അവാസ്തവ നിഗമനത്തിന്റെ ഭാഗമായി തൊഴിലാളികളെയും ട്രേഡ് യൂണിയനുകളെയും ശത്രുപക്ഷത്ത് നിർത്തി അവഹേളിക്കുക എന്ന സമീപനം മുതലാളിത്തപക്ഷപാതികൾ പണ്ടേ തുടങ്ങിയതാണ്, കേരളത്തിൽ വ്യവസായ രംഗത്ത് സമാധാനമില്ലെന്നും തൊഴിലന്തരീക്ഷം കലുഷമാണെന്നും പറയുന്നവർ സമീപകാല അനുഭവങ്ങൾ താരതമ്യം ചെയ്യാൻ തയ്യാറാകണം. യു.ഡി.എഫ് ഭരണകാലത്ത് കേരളം വ്യവസായങ്ങളുടെ മരുപ്പറമ്പായി പരിണമിച്ചിരുന്നു, പൊതുമേഖലാ വ്യവസായങ്ങൾ നഷ്ടത്തിൽ നിന്നും നഷ്ടത്തിലേക്ക് കൂപ്പുകുത്തുകയായിരുന്നു. അവ അടച്ചുപൂട്ടലിന്റെയും വിൽപ്പനയുടെയും വക്കത്തായിരുന്നു. നിരവധി സ്ഥാപനങ്ങൾ അടച്ചുപൂട്ടി. അതുപോലെ തോട്ടങ്ങൾ അടച്ചുപൂട്ടി. എന്നാൽ അടച്ചുപൂട്ടപ്പെട്ട തോട്ടങ്ങൾ എല്ലാം തന്നെ തുറന്നു. അക്കാലത്ത് അടച്ചിടപ്പെട്ടിരുന്ന വ്യവസായ ശാലകൾ ഒന്നൊന്നായി തുറന്നു പ്രവർത്തിപ്പിക്കുകയാണിപ്പോൾ. നഷ്ടം കാരണം വിൽക്കാൻ തീരുമാനിച്ചിരുന്ന പൊതുമേഖലാ വ്യവസായങ്ങളുടെ സ്ഥിതി ഇന്ന് പാടെ മാറിയിരിക്കുന്നു. മാനേജുമെന്റ് കാര്യക്ഷമമാക്കിക്കൊണ്ടും തൊഴിലാളികളെ വിശ്വാസത്തിലെടുത്ത് അവരുടെ പൂർണ്ണ സഹകരണം ഉറപ്പാക്കിക്കൊണ്ടും പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ നമുക്ക് കഴിഞ്ഞു. മൂന്ന് വർഷം മുമ്പ് കേവലം 12 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ മാത്രമായിരുന്നു ലാഭത്തിലെങ്കിൽ ഇന്ന് 30 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലായി. വ്യവസായ-തൊഴിൽ അന്തരീക്ഷം ആരോഗ്യകരമാക്കിയതിന്റെ സദ്ഫലമാണിത്. ഇതൊന്നും കാണാതെ ഇവിടെ നിത്യേന സമരമാണ്, കൊടിപിടുത്തമാണ്, വ്യവസായ മേഖലയിൽ അശാന്തിയാണ് എന്ന് സാമാന്യവൽക്കരിച്ച് ആക്ഷേപിക്കുകയും വ്യവസായങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് വഴിമാറിപ്പോകുകയാണ് എന്ന അയഥാർത്ഥ നിഗമനത്തിലെത്തുകയും ചെയ്യുന്നത് ആശാസ്യമല്ല. ഇത്തരം സാമാന്യവൽക്കരണം വാസ്തവത്തിൽ സംസ്ഥാനത്തെ വ്യവസായ വികസനത്തിന് പ്രോത്സാഹനമല്ല നൽകുന്നത്.

ഇങ്ങനെ പറയുന്നതിനർത്ഥം ട്രേഡ് യൂണിയനുകളുടെ പ്രവർത്തനമാകെ കുറ്റമറ്റതാണ് എന്നല്ല, കോടതികളിൽ നിന്നടക്കം ഉയർന്നുവരുന്ന വിമർശനങ്ങൾ അതിന്റെ സത്തയിൽ ഉൾക്കൊള്ളാനും സ്വയം വിമർശനം നടത്തി തെറ്റുകൾ തിരുത്തി മുന്നോട്ടുപോകാനും

തയ്യാറാകേണ്ടതുണ്ട്. തൊഴിൽ ചെയ്യുന്ന വ്യവസായത്തിന്റെ, അതല്ലെങ്കിൽ സ്ഥാപനത്തിന്റെ നിലനിൽപ്പും വളർച്ചയും അവിടുത്തെ തൊഴിലാളികളുടെ, പ്രത്യേകിച്ച് ട്രേഡ് യുണിയനുകളുടെ പ്രഥമപരിഗണന തന്നെയാവണം. അവകാശവാദങ്ങൾക്ക് യാഥാർത്ഥ്യ ബോധത്തിന്റെ പിൻബലമുണ്ടാകണം. അവകാശങ്ങൾ നേടിയെടുക്കുന്നതിന് പ്രത്യക്ഷസമരങ്ങൾ അവസാനത്തെ വഴി മാത്രമാകണം. അനുരഞ്ജനത്തിന്റെ സാധ്യതകൾ എല്ലാം അടഞ്ഞാൽ മാത്രമേ പണിമുടക്കത്തലേക്ക് കടക്കാവൂ.

തൊഴിലാളികളുടെ സംഘടിതശക്തിയാണ് ട്രേഡ് യൂണിയൻ. കൃഷിക്കാരുടെയും തൊഴിലാളികളുടെയും സംഘടിത ശക്തികൊണ്ടാണ്, ത്യാഗോജ്വലമായ പോരാട്ടങ്ങൾകൊണ്ടാണ് കേരളം ഇന്നത്തെ നിലയിൽ പുരോഗമിച്ചതും ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നതും. എന്നാൽ ഈ സംഘടിത ശക്തി ദുരുപയോഗപ്പെടുത്താനും അപൂർവ്വം ചിലപ്പോൾ സാധ്യതകളില്ലാതില്ല. അങ്ങനെ ദുരുപയോഗപ്പെടുത്താതിരിക്കണമെങ്കിൽ, ദുരുപയോഗപ്പെടുത്തുന്നത് ശക്തമായി തടയണമെങ്കിൽ ശരിയായ രാഷ്ട്രീയ വീക്ഷണം ആവശ്യമാണ്. തൊഴിലാളിവർഗ രാഷ്ട്രീയം മുറുകെ പിടിച്ചുകൊണ്ടേ ദുഷ്പ്രണതകളെ തടയാനാകൂ.

തൊഴിലാളികൾ, ട്രേഡ് യൂണിയനുകൾ സ്വന്തം അവകാശങ്ങൾക്ക് വേണ്ടി മാത്രം പൊരുതുന്നവരല്ല, സാമ്പത്തികമാത്ര സമരവാദികളുമല്ല, കൃഷിക്കാരുടെയും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും സമൂഹത്തിന്റെയാകെയും താൽപ്പര്യങ്ങൾ സംരംക്ഷിക്കുന്ന മുന്നണിപ്പടിയാളികളാണ്. നമ്മുടെ സംസ്ഥാനത്തടക്കം മഹാഭൂരിപക്ഷം തൊഴിലാളികളും ഇന്ന് ഫലത്തിൽ അസംഘടിതമേഖലയിലാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പതിനായിരക്കണക്കിന് തൊഴിലാളികൾ നമ്മുടെ നാട്ടിൽ വന്ന് കഠിനാധ്വാനം ചെയ്യുന്നു. കരാറുകാരുടെയും കങ്കാണിമാരുടെയും കടുത്ത ചൂഷണത്തിനിരയാവുകയാണവർ. തികച്ചും പരിതാപകരമായ സാഹചര്യത്തിലാണ് അവർ കഴിയുന്നത്. അവരടക്കം അസംഘടിത മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിക്കുകയും ചൂഷണത്തിൽ നിന്നും അവർക്ക് രക്ഷനേടിക്കൊടുക്കുകയും ചെയ്യേണ്ടതുണ്ട്.

ആഗോളവൽക്കരണവും-ഉദാരവൽക്കരണവും ലോകത്തെ തൊഴിലന്തരീക്ഷത്തെ അട്ടിമറിച്ചിരിക്കുകയാണ്. വ്യവസായ അന്തരീക്ഷം മോശമാകുന്നതിന് കാരണം ട്രേഡ് യൂണിയനുകളാണെന്ന് നിരീക്ഷിക്കുന്ന നീതിപീഠങ്ങൾ ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾ കോടിക്കണക്കായ തൊഴിലാളികളിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അശാന്തിയേയും അസ്വാസ്ഥ്യത്തേയും കാണുന്നില്ല.

മുതലാളിത്ത ലോകം കടുത്ത സാമ്പത്തിക തകർച്ചയിലേക്ക് മൂക്ക്കുത്തി വീണിരിക്കുന്ന സാഹചര്യത്തിലാണ് ഈ വർഷത്തെ സാർവദേശീയ തൊഴിലാളിദിനം ആചരിച്ചത്. അമേരിക്കയിലും ബ്രിട്ടനിലും ജപ്പാനിലും ഫ്രാൻസിലുമെല്ലാം ഫാക്ടറികൾ അടച്ചുപൂട്ടുന്നതിന്റെയും പതിനായിരക്കണക്കിനു തൊഴിലാളികൾ പിരിച്ചുവിടപ്പെടുന്നതിന്റെയും ബാങ്കിങ്ങ്-ഇൻഷുറൻസ് മേഖലയുടെ തകർച്ചയുടെയും വാർത്തകളാണ് ഓരോ ദിവസവും പുറത്തു വരുന്നത്. വേതനം ഗണ്യമായി വെട്ടിക്കുറക്കപ്പെടുകയും ക്ഷാമബത്തയടക്കമുള്ള ആനുകൂല്യങ്ങൾ റദ്ദാക്കുകയും ചെയ്യുകയാണ്.

ആഗോളവൽക്കരണത്തിന്റെ പ്രയോക്താക്കൾ സാമ്പത്തിക മാന്ദ്യം തൊഴിലാളികളെയും ജീവനക്കാരെയും പീഡിപ്പിക്കാനുള്ള അവസരമായി ഉപയോഗപ്പെടുത്തുകയാണ്. തെറ്റായ സാമ്പത്തിക നയങ്ങൾക്കും തൊഴിലാളിദ്രോഹ നടപടികൾക്കുമെതിരെ ലോകത്തെങ്ങും ട്രേഡ് യൂണിയനുകൾ സമരപാതയിലാണ്. ഇക്കഴിഞ്ഞ മെയ് ദിനത്തിൽ ഫ്രാൻസിലും ജർമനിയിലും ബ്രിട്ടനിലുമെല്ലാം നടന്ന തൊഴിലാളി റാലികളിൽ ലക്ഷങ്ങൾ അണിനിരന്നു. പാരീസ് നഗരത്തിൽ മാത്രം ഒരു ലക്ഷത്തി അറുപതിനായിരം തൊഴിലാളികൾ അണിനിരന്ന വമ്പിച്ച പ്രകടനം നടന്നുവെന്നാണ് റിപ്പോർട്ട്. രണ്ടാം ലോകയുദ്ധാനന്തരം ഫ്രാൻസിലെ എല്ലാ ട്രേഡ് യൂണിയനുകളും ഒരു ബാനറിനു പിന്നിൽ അണിനിരന്ന് പ്രകടനം നടത്തിയത് ഇതാദ്യമായാണ്. ബെർലിനിലും മറ്റ് യൂറോപ്യൻ നഗരങ്ങളിലുമെല്ലാം ഇത്തരത്തിൽ പണിമുടക്കങ്ങളും റാലികളും നിത്യസംഭവമായിരിക്കുന്നു. തൊഴിലില്ലായ്മ അതിരൂക്ഷമാവുകയും വേതനം മരവിപ്പിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥക്കെതിരായ പോരാട്ടങ്ങളാണ് എങ്ങും നടക്കുന്നത്.

പുതിയ സാമ്പത്തിക നയങ്ങൾ തൊഴിലാളികൾ ദീർഘകാലത്തെ ത്യാഗോജ്ജ്വലങ്ങളായ സമരങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങൾ ഇല്ലായ്മ ചെയ്യുന്നിടത്തോളമെത്തിയിരിക്കുന്നു. സ്ഥിരം ജോലിക്കും നിശ്ചിത തൊഴിൽസമയത്തിനുമെല്ലാം മേൽ കരിനിഴൽ വീഴുകയാണ്. കരാർ ജോലിയും പുറംകരാറും യൂസ് ആന്റ് ത്രോ സംസ്കാരവും തൊഴിൽമേഖലകളിൽ വ്യാപകമാവുകയാണ്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിഷേധം അതിന്റെ ഭാഗമാണ്. നിയമനനിരോധനം മറ്റൊരു പ്രശ്നം. ഇതിനെല്ലാം ജുഡീഷ്യറി പോലും കൂട്ടുനിൽക്കുന്ന സ്ഥിതിയുണ്ട്. സർക്കാർ ജീവനക്കാർക്ക് പണിമുടക്കാൻ അവകാശമില്ല എന്നും പിരിച്ചുവിടൽ ഉടമയുടെ അവകാശമാണെന്നുമൊക്കെയുള്ള വിധികൾ നമ്മുടെ നാട്ടിൽ വലിയ കോലാഹലങ്ങളുണ്ടാക്കിയതാണ്. അതിന്റെയെല്ലാം തുടർച്ചയായി വേണം സംസ്ഥാനത്തെ തൊഴിലന്തരീക്ഷത്തെക്കുറിച്ചുള്ള ഏകപക്ഷീയമായ നിരീക്ഷണം.